പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2542

05/11/2019 - ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

ചോദ്യം

ശ്രീ.പി.കെ.ബഷീർ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രളയത്തിൽ വീടുകൾ നശിച്ചവർക്ക് സഹകരണ വകുപ്പിന്റെ കീഴിൽ വീട് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | അപ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകുവാനാണ് പദ്ധതി ആവഷ്കരിച്ചതെന്നും 2019 സെപ്റ്റംബർ 30 വരെ എത്ര വീടുകൾ പൂർത്തിയാക്കിയെന്നും അറിയിക്കുമോ; | ബി) | 2000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 2152 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. 2019 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് ആകെ 1838 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താവിന് താക്കോൽ കൈമാറാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഇതിലേക്ക് എത്ര തുക ചെലവായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | സി) | |

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2,36,27,400 |
| 2 | കൊല്ലം | 2,07,94,200 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 5,64,41,400 |
| 4 | ആലപ്പുഴ | 6,24,15,482 |
| 5 | കോട്ടയം | 4,10,93,300 |
| 6 | ഇടുക്കി | 10,48,96,200 |
| 7 | എറണാകുളം | 15,93,83,600 |
| 8 | തൃശ്ശൂർ | 22,62,13,000 |
| 9 | പാലക്കാട് | 9,69,40,600 |
| 10 | മലപ്പുറം | 4,45,52,900 |
| 11 | കോഴിക്കോട് | 2,17,84,400 |
| 12 | വയനാട് | 4,20,00,000 |
| 13 | കണ്ണൂർ | 99,02,000 |
| 14 | കാസർകോട് | 34,85,300 |
| | ആകെ | 91,35,29,782 |

| | | | |
|---|---|---|---|
| ഡി) | കെയർ ഹോം പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | ഡി) | 9 (ഒൻപത്) വീടുകൾ. |
| ഇ) | ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്ന് വിശദമാക്കാമോ? | ഇ) | അനുവദിച്ച 9 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ